ശ്രീ. ഇ. പി. പൗലോസ്: ഇതിന്റെ പ്രയോറിട്ടി നിശ്ചയിക്കുമ്പോൾ പഞ്ചായത്തിൽകൂടി വർക്കുകൾ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിനുവിധത്തിൽ നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. എം. ജോർജ്: ഈ വർക്കുകളുടെ മെയിന്റനൻസ്, പുതിയ വർക്കെന്ന നിലയിൽ സെസ്സ് ഈടാക്കാനുള്ള സൗകര്യം ഉണ്ടാക്കിയാലേ ചെയ്യുകയുള്ള എന്നു പറഞ്ഞു പഴയ വർക്കുകൾ നന്നാക്കുന്നില്ല. ഈ കാര്യത്തിനു നിയമത്തിൽ വേണ്ട വ്യത്യാസംവരുത്താൻ നടപടിയെടുക്കുമോ?

ശ്രീ. ഇ. പി. പൗലോസ്: കരം പിരിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല പഞ്ചായത്തുകളെ ഏൽപ്പിച്ചു കഴിഞ്ഞാൽ ഈ സ്ഥിതിക്കു കുറെ വ്യത്യാസം വരും. ഇപ്പോൾ നിലവിലിരിക്കുന്ന സംപ്രദായം അനുസരിച്ചു സെസ്സ് ഈടാക്കികഴിഞ്ഞു നാശമായിപ്പോയാൽ പുതിയ വർക്കായി ചെയ്യേണ്ടിവരും.

ഇലക്ട്രിസിറ്റി

* 493. [4] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഇപ്പോൾ ആകെ എത്ര ഇലക്ട്രിസിറ്റി ഉൽപ്പാദിക്കപ്പെടുന്നുണ്ടു; ഇവിടത്തെ സാധാരണ ആവശ്യത്തിനു എത്രമാത്രം ഇലക്ട്രിസിറ്റി ആവശ്യമുണ്ടു;

(ബി) ഇലക്ട്രിസിറ്റി കുറവു നികത്തുന്നതിനു ഗവണ്മെന്റു അടുത്ത കാലത്തു സ്വീകരിച്ച മാർഗ്ഗങ്ങൾ ഏതെല്ലാം;

(സി) 1965-ൽ ഈ കാര്യത്തിൽ സംസ്ഥാനത്തു സ്വയംപര്യാപ്തത കൈവരുത്താൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) സംസ്ഥാനത്തു ജൂൺ മുതൽ ഡിസംബർവരെ പ്രതിദിനം 26 ലക്ഷം യൂണിറ്റു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ടു. വേനൽക്കാലത്തു ഇതു 18 ലക്ഷം യൂണിറ്റു മുതൽ 19 ലക്ഷം യൂണിയറ്റുവരെയായി കുറഞ്ഞു പോകുന്നു. സാധാരണഗതിയിൽ ഇവിടെ അനുദിനം 26 ലക്ഷം യൂണിറ്റു വിദ്യുച്ഛക്തിയാണു ആവശ്യമുള്ളതു.

(ബി) (1) സംസ്ഥാനത്തിനു വെളിയിൽനിന്നും ലഭിക്കാവുന്നിടത്തോളം വിദ്യുച്ഛക്തി നമ്മുടെ ആവശ്യത്തിനു ലഭ്യമാക്കുക.

(2) ജലവൈദ്യുതപദ്ധതികളുടെ ജോലി കഴിയുന്നതും വേഗം പൂർത്തിയാക്കുവാൻ നടപടികളെടുക്കുക, ഇവയാണു.

(സി) 1966-ൽ ശബരിഗിരി പദ്ധതിയുടെ പണി പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനം ഇക്കാര്യത്തിൽ സ്വയംപര്യാപ്തമാകുമെന്നാണു പ്രതീക്ഷിക്കുന്നതു.

മി. സ്പീക്കർ: 21-ാമത്തെ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ഇലക്ട്രിസിറ്റി ബോർഡു വർദ്ധിപ്പിച്ച ചാർജ്ജു നിരക്കുകൾ

* 494. [21] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡു അടുത്തകാലത്തു വർദ്ധിപ്പിച്ച ചാർജ്ജു നിരക്കു എത്രയാണു;

(ബി) വീട്ടാവശ്യങ്ങൾക്കും, വ്യവസായ ആവശ്യങ്ങൾക്കും നൽകുന്ന വിദ്യുച്ഛക്തിയുടെ വിലയ്ക്കു ഇപ്പോൾ എന്തു വ്യത്യാസമുണ്ടു:

LIBRARY ARCHIVES Kerala Legislative Assembly